**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** — **05-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന് ഏകീകൃത സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് ,<br>ഡോ. മാത്യു കുഴൽനാടൻ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കിന്റെ ബാങ്കിംഗ് നെറ്റ്‌വർക്കിനായി ഒരു ഏകീകൃത സോഫ്റ്റ്‌വെയർ വികസിപ്പിക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ; | (എ) | 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് നിലവിൽ വന്ന കേരള ബാങ്കിന് 769 ശാഖകളുണ്ട്. നിലവിൽ ഓരോ ജില്ലയിലും പ്രത്യേക സോഫ്റ്റ് വെയറുകളിലാണ് കേരള ബാങ്കിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷ്യനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ജില്ലാ ഓഫീസുകളെ ഐ.ടി സംയോജനം വഴി ഒന്നാക്കുകയെന്നത് അത്യധികം സങ്കീർണ്ണതകൾ നിറഞ്ഞ ഒരു പദ്ധതിയാണ്. കേരള ബാങ്കിന് ഒരു ഏകീകൃത സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് . ആയതിനുള്ള Solution providers നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ് |
| (ബി) | സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും ഓരോ ജില്ലയിലും പ്രത്യേക സോഫ്റ്റ്‌വെയറുകളിലാണോ ബാങ്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് നിലവിൽ വന്ന കേരള ബാങ്കിന് 769 ശാഖകളുണ്ട്. നിലവിൽ ഓരോ ജില്ലയിലും പ്രത്യേക സോഫ്റ്റ് വെയറുകളിലാണ് കേരള ബാങ്കിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷ്യനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ജില്ലാ ഓഫീസുകളെ ഐ.ടി സംയോജനം വഴി ഒന്നാക്കുകയെന്നത് അത്യധികം സങ്കീർണ്ണതകൾ നിറഞ്ഞ ഒരു പദ്ധതിയാണ്. കേരള ബാങ്കിന് ഒരു ഏകീകൃത സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് . ആയതിനുള്ള Solution providers നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ് |
| (സി) | കേരള ബാങ്കിന്റെ എ.ടി.എമ്മുകളിൽ നിന്നും ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തത് ബാങ്കിന്റെ | (സി) | കേരള ബാങ്കിന്റെ എ.ടി.എം പണമിടപാട് തട്ടിപ്പിൽ ബാങ്കിന്റെ സോഫ്റ്റ് വെയറുമായി ഒരു ബന്ധവുമില്ല. |

| | | | |
|---|---|---|---|
| | സോഫ്റ്റ്‌വെയറിലെ പോരായ്മകൾ കൊണ്ടാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | | മാത്രമല്ല ബാങ്കിന്റെ സോഫ്റ്റ് വെയറുകളെ ഒരു തരത്തിലും ഈ ഇടപാടുകൾ ബാധിച്ചിട്ടില്ല. മറ്റ് ബാങ്കുകളുടെ വ്യാജ മാഗ്നറ്റിക്ക് സ്ട്രൈപ്പ് കാർഡുകൾ ഉപയോഗിച്ചാണ് തട്ടിപ്പ് നടത്തിയത്. മാഗ്നറ്റിക്ക് സ്ട്രൈപ്പ് കാർഡുകൾ ഉപയോഗിച്ച് പണം പിൻവലിക്കുന്നതിന് പകരം ഇ.എം.വി ചിപ്പ് കാർഡുകൾ എ.ടി.എമ്മിൽ പ്രവർത്തിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

# <u>വിശദീകരണ കുറിപ്പ്</u>

**13** ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് നിലവിൽ വന്ന കേരള ബാങ്കിന് **769** ശാഖകളുണ്ട്. നിലവിൽ ഓരോ ജില്ലയിലും പ്രത്യേക സോഫ്റ്റ് വെയറുകളിലാണ് കേരള ബാങ്കിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷ്യനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ജില്ലാ ഓഫീസുകളെ ഐ.ടി സംയോജനം വഴി ഒന്നാക്കുകയെന്നത് അത്യധികം സങ്കീർണ്ണതകൾ നിറഞ്ഞ ഒരു പദ്ധതിയാണ്. ഒരു ഏകീകൃത സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ആയതിനുള്ള **Solution providers** നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

കേരള ബാങ്കിന്റെ എ.ടി.എം പണമിടപാട് തട്ടിപ്പിൽ ബാങ്കിന്റെ സോഫ്റ്റ് വെയറുമായി ഒരു ബന്ധവുമില്ല. മാത്രമല്ല ബാങ്കിന്റെ സോഫ്റ്റ് വെയറുകളെ ഒരു തരത്തിലും ഈ ഇടപാടുകൾ ബാധിച്ചിട്ടില്ല. മറ്റ് ബാങ്കുകളുടെ വ്യാജ മാഗ്നറ്റിക്ക് സ്ട്രൈപ്പ് കാർഡുകൾ ഉപയോഗിച്ചാണ് തട്ടിപ്പ് നടത്തിയത്. മാഗ്നറ്റിക്ക് സ്ട്രൈപ്പ് കാർഡുകൾ ഉപയോഗിച്ച് പണം പിൻവലിക്കുന്നതിന് പകരം ഇ.എം.വി ചിപ്പ് കാർഡുകൾ എ.ടി.എമ്മിൽ പ്രവർത്തിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

**സെക്ഷൻ ഓഫീസർ**